ഇക്കോടൂറിസം

159 (1094) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇക്കോടൂറിസം പദ്ധതിയെ സംബന്ധിച്ച ചർച്ച, പ്രോജക്ട് തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങൾ എപ്പോൾ ആരംഭിച്ചതാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) തെന്മല ഇക്കോടൂറിസം പദ്ധതി നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) തെന്മല കേന്ദ്രീകരിച്ച് പ്രവർത്തനം ആരംഭിച്ച ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പിന് ഏതൊക്കെ വകുപ്പുകളുടെ സഹായസഹകരണങ്ങളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) വിനോദസഞ്ചാരികൾക്ക് പ്രസ്തുത ടൂറിസം കേന്ദ്രങ്ങൾ എന്തൊക്കെ സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) തെന്മല ഇക്കോ ടൂറിസം പ്രോജക്ടിനോടനുബന്ധിച്ച് സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള രാജ്യത്തെ ആദ്യ ചിത്രശലഭ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) തെന്മലയിലെ ശിൽപ്പ ഉദ്യാനം, കല്ലടയാറിനും സമാന്തരമായിട്ടുള്ള തടിപ്പാത, തൂക്കുപാലം എന്നിവയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ജി) വിനോദസഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) തെന്മലയുടെ തനതായ പ്രകൃതി സൗന്ദര്യത്തിന് കോട്ടം തട്ടാതെ ഇക്കോ ടൂറിസം പ്രോജക്ട് കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1996-97 കാലഘട്ടത്തിലാണ് ഇക്കോടൂറിസം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 1998-ൽ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം "തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റി" എന്ന ഒരു സ്ഥാപനം രജിസ്റ്റർ ചെയ്തു. 1999-ൽ ഓഫീസ് തുറന്ന് പ്രവർത്തനമാരംഭിച്ചു. 1999 ഡിസംബറിൽ തെന്മലയിലെ ഇക്കോടൂറിസം പദ്ധതിയുടെ ആദ്യപടിയായി മാൻ പുനരധിവാസപാർക്കും, ശെന്തുരുണി റിസർവോയറിൽ ബോട്ടിംഗും ആരംഭിച്ചു. രണ്ടായിരാമാണ്ടിൽ എക്കോ ഫ്രണ്ട്ലി ജനറൽ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർമ്മാണ പ്രവർത്തനമാരംഭിച്ചു. ഇവയുടെ പണി ധൃതഗതിയിൽ പൂർത്തിയാക്കിവരുന്നു. പൂർത്തിയാക്കിയ ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം 31-1-2001-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ നിർവ്വഹിച്ചു.

(സി) പ്രധാനമായും ടൂറിസം, വനം, ജലസേചനം, ഇലക്ട്രിസിറ്റി എന്നീ വകുപ്പുകളുടെ സഹായ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

(ഡി) പ്രധാനമായും ലിയർസോൺ, അഡ്വഞ്ചർ സോൺ, കൾച്ചർ സോൺ എന്നീ മൂന്ന് വിഭാഗങ്ങളിലായിട്ടാണ് വിനോദസഞ്ചാരികൾക്ക് സൗകര്യങ്ങൾ സജ്ജമാക്കിയിരിക്കുന്നത്. ലിയർസോണിൽ ശിൽപ്പോദ്യാനം, ബോർഡ്വോക്ക്, പാത്ത്വേ, വിശ്രമത്തിനുള്ള സ്ഥലങ്ങൾ, സസ്പെൻഷൻ ഫുഡ്ബ്രിഡ്ജ്, ലൈറ്റിംഗ്, ഇൻഫർമേഷൻ സെന്റർ, റസ്റ്റോറന്റ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അഡ്വഞ്ചർ സോണിൽ നേച്ചർ ട്രെയിൻ, മൗണ്ടൻ ബൈക്കിംഗ്, എലിവേറ്റഡ് വാക്ക്വേ, റോക്ക് ക്ലൈംബിംഗ്, ആമ്പൽക്കുളം, ഇൻഫർമേഷൻ സെന്റർ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൾച്ചർ സോണിൽ ഇൻഫർമേഷൻ സെന്റർ, ഷോപ്പ്കോർട്ട്, മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടൻ, ആംഫി തീയേറ്റർ, പാർക്കിംഗ് ഏരിയ തുടങ്ങിയ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ മാൻ പുനരധിവാസ കേന്ദ്രവും റിസർവോയറിലെ ബോട്ടിംഗും തുടർന്നു വരുന്നു.

(ഇ) ചിത്രശലഭപാർക്ക് വനം വകുപ്പിന്റെ കീഴിലുള്ള കേരള ഫോറസ്റ്റ് റിസർവ്വ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് സ്ഥാപിക്കേണ്ടത്. പല സ്ഥലങ്ങളും ഇതിനായി അവർ അലോചിച്ചിരുന്നു എങ്കിലും തെന്മല ഇതിനു വളരെ അനുയോജ്യമാണ് എന്നാണ് കണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ അവസാന തിരുമാനമായശേഷമേ വിശദാംശങ്ങൾ അറിയിക്കാനാവൂ.

(എഫ്) ശില്പോദ്യാനത്തിന്റെ നിർമ്മാണം പൂർത്തിയായി. തടിപ്പാതയുടെ നിർമ്മാണം 90 ശതമാനം പൂർത്തിയായിക്കഴിഞ്ഞു. തൂക്കുപാലത്തിന്റെ ഫൗണ്ടേഷൻ ജോലികൾ പുരോഗമിക്കുന്നു. മാർച്ച് അവസാനത്തോടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ജി) ഉണ്ട്. അടുത്തവർഷം പരിസ്ഥിതി പഠന കേന്ദ്രം, നീർ ഇൻഫർമേഷൻ സെന്റർ തുടങ്ങിയവ തെൻമലയിൽ സജ്ജമാക്കുന്നതാണ്. കൂടാതെ വനം വകുപ്പുമായി സഹകരിച്ച്. വന്യജീവി സങ്കേതത്തിൽ ട്രക്കിംഗിനും പക്ഷി നിരീക്ഷണത്തിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഉണ്ട്. പൊതുടൂറിസവും ഇക്കോടൂറിസവും തീർത്ഥാടന ടൂറിസവും സമന്വയിപ്പിച്ചുകൊണ്ട് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ രാജ്യത്തെ ആദ്യത്തെ ഇക്കോ ടൂറിസം പദ്ധതിയായ തെന്മല ടൂറിസം പദ്ധതിയിൽ പരിസ്ഥിതിക്ക് കോട്ടം വരാതെയും വനസംരക്ഷണം ഉറപ്പാക്കിയും വിപുലീകരണ പദ്ധതികൾ ശാസ്ത്രീയ പരിസ്ഥിതി പഠനം നടത്തി ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

വിനോദസഞ്ചാരം സംബന്ധിച്ച പശ്ചാത്തല സൗകര്യങ്ങൾ

160 (1095) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരം സംബന്ധിച്ച പശ്ചാത്തല സൗകര്യങ്ങളിൽ എന്തെല്ലാം പോരായ്മകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട് ;

(ബി) ഈ പോരായ്മകൾ പരിഹരിക്കുന്നതിന് എന്തു തുക ആവശ്യമായി വരുമെന്നും ഇത് എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം ഏതെല്ലാം വകുപ്പുകളും രംഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു ;

(ഡി) വിനോദസഞ്ചാര വികസനത്തിന്റെ പേരിൽ ഈ വകുപ്പുകളും രംഗങ്ങളും പരിപോഷിപ്പിക്കുവാൻ എന്തെല്ലാം പരിപാടികളുണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കുള്ള യാത്രാസൗകര്യങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ശുദ്ധജല വിതരണം, ഖരമാലിന്യ മലിനജല നിർമ്മാർജ്ജനം, വൈദ്യുതി ലഭ്യത എന്നീ പാശ്ചാത്തല സൗകര്യങ്ങളിലാണ് പ്രധാനമായും പോരായ്മകൾ കണ്ടു വരുന്നത്.

(ബി) എന്തുതുക വേണ്ടിവരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനം പല വകുപ്പുകളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽ വ്യവസായം. വൈദ്യുതി, തദ്ദേശസ്വയംഭരണം, വനം, ജലസേചനം, പൊതുമരാമത്ത്, പുരാവസ്തു, പ്ലാനിംഗ്, ആഭ്യന്തരം എന്നീ വിഭാഗങ്ങളുമായി പ്രത്യക്ഷ ബന്ധമാണ് വിനോദസഞ്ചാര വികസനത്തിനുള്ളത്.

(ഡി) കേരളത്തിൽ ടൂറിസത്തിന്റെ വികസന സാധ്യതകൾ കണ്ടറിഞ്ഞ് മറ്റ് വകുപ്പുകളുമായി ചേർന്നുകൊണ്ട് നിരവധി സംയുക്ത പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. പ്രകൃതിക്കും പരിസ്ഥിതിക്കും കോട്ടം സംഭവിക്കാതെ, മലയോര ടൂറിസം വികസനത്തിന് ഊന്നൽ നൽകികൊണ്ട് വനം വകുപ്പിന്റേയും ജലസേചന വകുപ്പിന്റെയും വൈദ്യുതി വകുപ്പിന്റെയും സഹകരണത്തോടെ

LIBRARY ARCHIVES Kerala Legislative Assembly